


**SSLC MODEL EXAMINATION, MARCH -2022**
**SOCIAL SCIENCE**

*Colin Jose E (HST-SS)*
*Dr.AMMR Govt HSS for Girls Kattela*
*Thiruvananthapuram*

*Biju.M (HST-SS)*
*GHSS Parappa*
*Kasargod*



| Qn No: | Indicators | Score |
|---|---|---|
| | **പാർട്ട് I**<br>**(A) 1 മുതൽ 6 വരെയുള്ള ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക** | |
| **1** | (a)അക്കമ്മ ചെറിയാൻ | 1 |
| **2** | (b) ആകാശീയ വിദൂരസംവേദനം | 1 |
| **3** | (a) ഗവർണർ | 1 |
| **4** | (c) വള്ളത്തോൾ നാരായണ മേനോൻ | 1 |
| **5** | (d) ഡിസംബർ 22 | 1 |
| **6** | (a)അഡോൾഫ് ഹിറ്റ്ലർ | 1 |
| | **(B) 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക** | |
| **7** | (b)മൈക്രോ ഫിനാൻസ് | 1 |
| **8** | (d) വേലുത്തമ്പി | 1 |
| **9** | (c) പരുത്തി | 1 |
| **10** | (d) പോലീസ് സ്റ്റേഷൻ | 1 |
| | **പാർട്ട് II**<br>**(A) 11 മുതൽ 15 വരെയുള്ള ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക** | |
| **11** | • പ്രത്യക്ഷനികുതി<br>• പരോക്ഷനികുതി | 2 |
| **12** | • ഏറ്റവും ചെലവു കുറഞ്ഞ ഗതാഗതമാർഗം<br>• വൻതോതിലുള്ള ചരക്കു ഗതാഗതത്തിന് ഉചിതം<br>• പരിസ്ഥിതിമലിനീകരണം ഉണ്ടാക്കുന്നില്ല<br>• അന്താരാഷ്ട്രവ്യാപാരത്തിന് ഏറ്റവും യോചിച്ചത് | 2 |
| **13** | ➢ മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിൽ ഏർപ്പെടാനും കുടുംബത്തിൽ നിന്നും പഠിക്കുന്നു. | 2 |

| | | |
|---|---|---|
| | ➢ അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു.<br>➢ കുടുംബത്തിൽ നിന്നുള്ള പ്രചോദനവും പ്രോത്സാഹനവും ഉന്നതമായ പൗരബോധം വളർത്തുന്നു. | |
| **14** | • ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം<br>• സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം<br>• ന്യായവിലയ്ക്ക് സാധനവും സേവനവും ലഭിക്കുന്നതിനുള്ള അവകാശം<br>• അധികാരികളുടെ മുൻപിൽ തർക്കങ്ങൾക്ക് പരിഹാരം തേടാനുള്ള അവകാശം<br>• ഉപഭോക്തൃവിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള അവകാശം | 2 |
| **15** | • ഭൂപ്രദേശങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്<br>• സൈനികപ്രവർത്തനങ്ങൾക്കും സൈനികഭൂപടങ്ങളുടെ നിർമാണത്തിനും<br>• സാമ്പത്തി ആസൂത്രണത്തിന്റെ ഭാഗമായി ഒരു പ്രദേശത്തിന്റെ പ്രകൃതിദത്തവും മനുഷ്യ നിർമിതവുമായ വിഭവങ്ങൾ കണ്ടെത്തി പഠിക്കുന്നതിന്<br>• നാഗരാസൂത്രണപ്രവർത്തനങ്ങൾക്ക് | 2 |
| **(B) 16 മുതൽ 18 വരെയുള്ള ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക** | | |
| **16** | ➢ വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം<br>➢ സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ട<br>➢ വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.<br>➢ സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.<br>➢ ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു. | 4 |
| **17** | • സന്തുലിതബജറ്റ്<br>• മിച്ചബജറ്റ്<br>• കമ്മിബജറ്റ് | 4 |
| **18** | • കാലാവസ്ഥാനിർണയത്തിന്<br>• സമുദ്രപര്യവേഷണത്തിന്<br>• ഭൂവിനിയോഗം മനസിലാക്കുന്നതിന്<br>• വരൾച്ച ബാധിത പ്രദേശങ്ങൾ,വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നതിന്<br>• ഉൾവനങ്ങളിലെ കാട്ടുതീ കണ്ടെത്തുന്നതിന്<br>• വിളകളുടെ വിസ്തൃതി,കീടബാധ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന് | 4 |

| | | |
|---|---|---|
| | • വിളകളുടെ വളർച്ച, കീടബാധയുടെ വ്യാപനം എന്നിവ മനസ്സിലാക്കുന്നതിന്<br>• എണ്ണപര്യവേക്ഷണത്തിന് | |
| **പാർട്ട് III**<br>**(A) 19 മുതൽ 2 3 വരെയുള്ള ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക** | | |
| **19** | ✔ തൊഴിൽ  ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപാദനം കൂടുന്നു<br>✔ പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും<br>✔ ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ് കുറയ്ക്കാനും കഴിയും<br>✔ ഉത്പാദനവർദ്ധനവിലൂടെ സാമ്പത്തികവികസനം സാധ്യമാകും | 4 |
| **20** | • സാമ്രാജ്യത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്<br>• വംശീയവാദത്തോടുള്ള വിദ്വേഷം<br>• ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം<br>• സമാധാനപരമായ സഹവർത്തിത്വം<br>• പഞ്ചശീലതത്വങ്ങൾ<br>• ചേരിചേരായ്മ<br>• വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ | 4 |
| **21** | ➢ സോഷ്യൽ സർവേ<br>➢ അഭിമുഖം<br>➢ നിരീക്ഷണം<br>➢ കേസ് സ്റ്റഡി | 4 |
| **22** | • വിദ്യാഭ്യാസം<br>• ആരോഗ്യപരിപാലനം<br>• പരിശീലനങ്ങൾ<br>• സാമൂഹികമൂലധനം | 4 |
| **23** | ഭൂപടം | 4 |
| **(B) 24 മുതൽ 25 വരെയുള്ള ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരം എഴുതുക** | | |
| **24** | (see table below) | 4 |

| **A** | **B** |
|---|---|
| ആത്മാറാം പാണ്ഡുരംഗ് | പ്രാർത്ഥനാ സമാജം |
| ശ്രീനാരായണഗുരു | ശ്രീനാരായണധർമപരിപാലനയോഗം |
| രാജാറാം മോഹൻ റോയ് | ബ്രഹ്മസമാജം |
| സ്വാമി ദയാനന്ദ സരസ്വതി | ആര്യസമാജം |

| | | |
|---|---|---|
| **25** | • ശൈത്യകാലം<br>• ഉഷ്ണകാലം<br>• തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലം<br>• മൺസൂണിന്റെ പിൻവാങ്ങൽ കാലം | 4 |
| **പാർട്ട് IV**<br>**(A) 26 മുതൽ 29 വരെയുള്ള ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക** | | |
| **26** | ◆ ഒരു രാജ്യത്തെ പൂർണ്ണവും തുല്ല്യവുമായ അംഗത്വമാണ് പൗരത്വം.<br>◆ പൗരത്വം ഒരു വ്യക്തിയെ രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും അനുഭവിക്കാൻ പ്രാപ്തനാക്കുന്നു<br>◆ സ്വാഭാവിക പൗരത്വം – ജന്മനാ ലഭിക്കുന്നത്<br>◆ ആർജിത പൗരത്വം – ഒരു രാജ്യത്തെ നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്നത് | 6 |
| **27** | ഏതൊക്കെ ആവശ്യങ്ങൾക്കാണ് ജനങ്ങൾക്ക് പണവായ്പ നൽകുന്നത്<br>• കൃഷി ആവശ്യങ്ങൾക്ക്<br>• വ്യവസായ ആവശ്യങ്ങൾക്ക്<br>• വീടു നിർമ്മിക്കാൻ<br>• വീട്ടുപകരണങ്ങൾ വാങ്ങാൻ<br>• **ഈടുകൾ**<br>• ഭൗതിക ആസ്തികൾ - സ്വർണം,വസ്തുവിന്റെ ആധാരം<br>• സ്ഥിരനിക്ഷേപങ്ങൾ<br>• ശമ്പളപത്രം | 6 |
| **28** | **ശാശ്വതഭൂനികുതി വ്യവസ്ഥ**<br>• സെമീന്ദാർമാർ നികുതി പിരിച്ചു.<br>• യഥാർത്ഥ കർഷകർ കുടിയാന്മാരായി മാറി.<br>• വിളവിന്റെ 60% വരെ കർഷകർ നികുതി നൽകണമായിരുന്നു.<br>• നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണമായിരുന്നു<br>• വിളവ് മോശമായാലും നികുതി നൽകണമായിരുന്നു<br>• മുഴുവൻ ഭൂമിയുടെയും ഉടമസ്ഥൻ സെമീന്ദാർ ആയിരുന്നു<br>• **റയട്ട് വാരി**<br>• കർഷകനിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു.<br>• അമിതമായ നികുതി നിരക്ക്.<br>• നികുതി നിരക്ക് ഇടയ്ക്കിടെ വർദ്ധിപ്പിച്ചു.<br>• കർഷകർ ഭൂഉടമകൾ. | 6 |
| **29** | **പടിഞ്ഞാറൻ തീരസമതലം** \| **കിഴക്കൻ തീരസമതലം** | 6 |

<table>
<tr>
<td></td>
<td>
<table>
<tr>
<td>• അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ<br>• റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>• താരതമ്യേന വീതി കുറവ്<br>• ഗുജറാത്ത് തീരസമതലം, കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം<br>• കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു</td>
<td>• ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ<br>• സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ<br>• താരതമ്യേന വീതി കൂടുതൽ<br>• കോറമണ്ഡൽ തീരസമതലം, വടക്കൻ സിർകാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം<br>• ഡെൽറ്റ രൂപീകരണം നടക്കുന്നു</td>
</tr>
</table>
</td>
<td></td>
</tr>
<tr>
<td colspan="3">(B) 30 മുതൽ 32 വരെയുള്ള ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക</td>
</tr>
<tr>
<td>30</td>
<td>i. <u>ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ</u><br>◆ ദശലക്ഷക്കണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടു.<br>◆ യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.<br>◆ ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർദ്ധിച്ചു.<br>◆ ലോകസമാധാനം സംരക്ഷിക്കുന്നതിനായി സർവരാഷ്ട്രസഖ്യം രൂപീകരിച്ചു.<br>◆ ഏഷ്യയിലെയും,ആഫ്രിക്കയിലേയും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു<br>◆ കൃഷി, വ്യവസായം,വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു<br><u>ii വേഴ്സായി സന്ധിയിലെ പ്രധാന വ്യവസ്ഥകൾ</u><br>• ജർമ്മനിയുടെ കോളനികൾ മുഴുവൻ സഖ്യകക്ഷികൾ വീതിച്ചെടുത്തു<br>• യുദ്ധനഷ്ടപരിഹാരമായി വൻതുക ജർമ്മനി നൽകേണ്ടിവന്നു<br>• സമ്പന്നമായ ഖനിപ്രദേശങ്ങൾ സഖ്യകക്ഷികൾ കൈക്കലാക്കി<br>• യുദ്ധക്കുറ്റം ജർമ്മനിയുടെമേൽ ചുമത്തി.<br>• ജർമനിയെ നിരായുധീകരിച്ചു</td>
<td>6</td>
</tr>
<tr>
<td>3 1</td>
<td>
<table>
<tr>
<th>കറുത്ത മണ്ണ്</th>
<th>ചെമ്മണ്ണ്</th>
<th>ലാറ്ററൈറ്റ് മണ്ണ്</th>
<th>എക്കൽ മണ്ണ്</th>
</tr>
<tr>
<td>• പരുത്തികൃഷിക്ക് അനുയോജ്യമായതിനാൽ കറുത്ത പരുത്തിമണ്ണ് എന്നും അറിയപ്പെടുന്നു</td>
<td>• താരതമ്യേന ഫലപുഷ്ടി കുറവ്<br>• ഈ മണ്ണിലെ ഇരുമ്പിന്റെ അംശം ഇതിന് ചുവപ്പ് നിറം നൽകുന്നു</td>
<td>• മൺസൂൺ മഴയും ഇടവിട്ടുള്ള വേനൽക്കാലവും മാറിമാറി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ രൂപപ്പെടുന്നു</td>
<td>• വളരെയധികം ഫലപുഷ്ടി<br>• ഉത്തരമഹാസമതലത്തിലെ പ്രധാന മണ്ണിനം</td>
</tr>
</table>
</td>
<td>6</td>
</tr>
</table>

<table>
<tr><td></td><td></td><td></td></tr>
<tr><td>32</td><td>
<table>
<tr><th>പ്രശ്നങ്ങൾ</th><th>പരിഹാരം</th></tr>
<tr><td>ജലക്ഷാമം</td><td>• കാര്യക്ഷമതയോടെയുള്ള ഉപയോഗം<br>• മഴവെള്ളസംഭരണം</td></tr>
<tr><td>മാലിന്യം</td><td>• ഉറവിടങ്ങളിൽത്തന്നെ മാലിന്യസംസ്കരണം<br>• പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയാതിരിക്കുക</td></tr>
<tr><td>അഴിമതി</td><td>• അഴിമതിക്കെതിരായ ബോധവൽക്കരണം<br>• പരാതിപ്പെടൽ</td></tr>
</table>
</td><td>6</td></tr>
<tr><td colspan="3">പാർട്ട് V<br>(A) 33 മുതൽ 35 വരെയുള്ള ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക</td></tr>
<tr><td>33</td><td><u>ലാഹോർ സമ്മേളനം</u><br>• 1929 ൽ<br>• ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ<br>• ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് (സമ്പൂർണ്ണസ്വാതന്ത്ര്യം) ആണെന്ന് ഈ സമ്മേളനം പ്രഖ്യാപിച്ചു<br>• ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു<br><u>ഗാന്ധിജി മുന്നോട്ട് വച്ച ആവശ്യങ്ങൾ</u><br>• ഉപ്പുനികുതി എടുത്തുകളയുക<br>• കൃഷിക്കാർക്ക് 50 ശതമാനം നികുതിയിളവ് നൽകുക<br>• രാഷ്ട്രീയത്തടവുകാരെ വിട്ടയക്കുക<br>• സമ്പൂർണ മദ്യനിരോധനം നടപ്പാക്കുക<br>• വിദേശവസ്തുങ്ങളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർധിപ്പിക്കുക<br>• സൈനികച്ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക<br>• ഇന്ത്യാക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക<br>• തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക<br><u>ഉപ്പിനെ സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ</u><br>• ബ്രിട്ടീഷ് സർക്കാരിന്റെ നികുതിവരുമാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗവും</td><td>8</td></tr>
</table>

| | | |
|---|---|---|
| | ഉപ്പിൻമേൽ ചുമത്തുന്ന നികുതിയായിരുന്നു<br>• ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു<br>• തദ്ദേശീയരായ ചെറുകിട ഉപ്പുൽപ്പാദകർക്കുമേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി<br>• ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു<br>സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഉപ്പ് നികുതി എടുത്തുകളയുക എന്നത്<br>**<u>സിവിൽനിയമലംഘന സമരകേന്ദ്രങ്ങൾ</u>**<br>• പയ്യന്നൂർ<br>• വേദാരണ്യം<br>• ബോംബെ<br>• നവഖാലി<br>• വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശം | |
| **34** | **<u>വാണിജ്യവാതങ്ങൾ</u>**<br>➢ ഉപോഷ്ണ ഉച്ചമർദ മേഖലകളിൽ നിന്നും മദ്യരേഖാ ന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ<br>➢ ഉത്തരാർദ്ധഗോളത്തിൽ വടക്ക് കിഴക്ക് ദിശയിൽനിന്നു വീശുന്നതിനാൽ ഈ കാറ്റുകളെ വടക്ക് കിഴക്കൻ വാണിജ്യവാതങ്ങൾ എന്നുവിളിക്കുന്നു<br>**<u>പശ്ചിമവാതങ്ങൾ</u>**<br>✗ ഉപോഷ്ണ ഉച്ചമർദ മേഖലകളിൽ നിന്നും ഉപധ്രുവീയന്യൂനമർദമേഖലയിലേക്ക് വീശിക്കൊണ്ടിരിക്കുന്ന കാറ്റുകൾ<br>✗ കാറ്റിന്റെ ദിശ ഏറെക്കുറേ പടിഞ്ഞാറുനിന്നായതുകൊണ്ട് ഇവയെ പശ്ചിമവാതങ്ങൾ എന്നുവിളിക്കുന്നു<br>✗ ദക്ഷിണാർദ്ധഗോളത്തിൽ പശ്ചിമവാതങ്ങളുടെ ശക്തി ഉത്താരാർദ്ധഗോളത്തിലേതിനേക്കാൾ കൂടുതലാണ്<br>✗ റോറിംഗ് ഫോർട്ടീസ് ,ഫ്യൂരിയസ് ഫിഫ്റ്റീസ് ,ഷ്റീക്കിംഗ് സിക്സ്റ്റീസ്<br>**<u>ധ്രുവീയപൂർവവാതങ്ങൾ</u>**<br>✗ ധ്രുവീയഉച്ചമർദ മേഖലകളിൽ നിന്നും ഉപോഷ്ണമേഘലയെ ലക്ഷ്യമാക്കി വീശുന്ന ഹിമക്കാറ്റുകൾ<br>✗ കോറിയോലിസ് ബലം നിമിത്തം ഇവ ഇരു അർദ്ധഗോളങ്ങളിലും കിഴക്കു ദിശയിൽ നിന്ന് വീശുന്നു<br>അതിനാൽ ഇവ ധ്രുവീയ പൂർവവാതങ്ങൾ എന്നറിയപ്പെടുന്നു | 8 |
| **35** | **<u>എഴുത്തുകാർ</u>**<br>• മാക്സിം ഗോർക്കി<br>• ലിയോ ടോൾസ്റ്റോയി | 8 |

- ഇവാൻ ദുർഗനേവ്
- ആന്റൺ ചെക്കോവ്
- കാൾ മാർക്സ്
- ഫ്രെഡറിക് ഏംഗൽസ്

**<u>ഫെബ്രുവരി വിപ്ലവം</u>**

- ദ്യൂമയുടെ എതിർപ്പിനെ അവഗണിച്ച് ഒന്നാം ലോകയുദ്ധത്തിൽ പങ്കെടുക്കാൻ റഷ്യൻ സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ തീരുമാനിച്ചു
- 1917 ആയപ്പോഴേക്കും ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി
- പെട്രോഗ്രാഡ് നഗരത്തിൽ തൊഴിലാളികളോടൊപ്പം സൈനികരും ചേർന്നു
- പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു
- തുടർന്ന് സർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിയുകയും അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താത്ക്കാലിക ഗവൺമെന്റ് നിലവിൽ വരുകയും ചെയ്തു

**<u>ഒക്ടോബർ വിപ്ലവം</u>**

- താൽകാലിക ഗവൺമെന്റ് ജനങ്ങളുടെ ആവശ്യങ്ങളെ അംഗീകരിച്ചില്ല.
- സോവിയറ്റുകൾ താൽകാലിക ഗവൺമെന്റിനെ എതിർത്തു.
- ലെനിൻ ഇതിന് നേതൃത്വം നൽകി.
- 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽകാലിക ഗവൺ മെന്റിനെതിരെ സായുധ വിപ്ലവം ആരംഭിച്ചു.
- കെറൻസ്കി രാജ്യം വിട്ടു.
- ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു.

**<u>ഫലങ്ങൾ</u>**

- ഒന്നാം ലോകായുധത്തിൽ നിന്ന് റഷ്യ പിന്മാറി
- ഭൂമി പിടിച്ചെടുത്തു കർഷകർക്ക് വിഹാരണം ചെയ്തു
- പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു.
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി
- സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു.
- ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി

*Colin Jose E (HST-SS)*
*Dr.AMMR Govt HSS for Girls Kattela*
*Thiruvananthapuram*

*Biju.M (HST-SS)*
*GHSS Parappa*
*Kasargod*